കിടക്കുന്നതായി സഭയ്ക്ക് തീരുമാനിക്കാമെന്നാണ് ഇന്ത്യൻ ഭരണഘടന പറയുന്നത്. പക്ഷെ, ഒരംഗം 60 ദിവസം തുടർച്ചയായി സഭയിൽ അനുമതിയുടാതെ ഹാജരായി ല്ലായെന്നുള്ളത് കണ്ടുപിടിക്കാൻ ഇന്നൊരു സംവിധാനവുമില്ല. ആശ്രയിക്കാവുന്ന ഏക സംവിധാനം പുറത്തു ഹാജർ ബുക്കിൽ ഒപ്പിടുന്നതാണ്. ഈ സാഹചര്യത്തിൽ സഭാംഗങ്ങൾ തമ്മിൽ ഒരു വിവേചനം നിലനില്ക്കുന്നു. സഭയിലെ കുറെ അംഗങ്ങൾ ഒപ്പിടണം. കുറെ അംഗങ്ങൾ ഒപ്പിടേണ്ട. അതുകൊണ്ട് അങ്ങ് ഇത് പരിശോധിച്ച് ഇതിന്റെ വിവിധ വശങ്ങൾ കണക്കിലെടുത്തുകൊണ്ട് പുറത്ത് ഒപ്പിടാനുള്ള സംവിധാനം ഉടനുമ്പോൾത്തന്നെ അകത്തുവന്നാൽ ബയോമെട്രിക് സിസ്റ്റത്തിലൂടെ ഹാജരായി എന്നുള്ളത് രേഖപ്പെടുത്താനുള്ള ഒരു ക്രമീകരണവുംകൂടി ഉണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഇന്ത്യയ്ക്കുതന്നെ മാതൃകയാകുന്ന ചില ചട്ടങ്ങളും തീരുമാനങ്ങളും നമ്മുടെ സഭയിൽനിന്ന് ഉണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

റൂളിംഗ്

മി. സ്പീക്കർ : നിയമസഭാചട്ടം 172-ൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ റൂൾസ് കമ്മിറ്റിക്ക് ചെയ്യാവുന്നതാണ്. റൂൾസ് കമ്മിറ്റി തീരുമാനിക്കേണ്ട വിഷയമാണിത്. ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അങ്ങ് പറഞ്ഞത് ആരംഭിക്കാവുന്നതാണ്. ആദ്യത്തേത് റൂൾസ് കമ്മിറ്റി തീരുമാനിക്കണം. ഇത് ചെയറിന് മാത്രം തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. റൂൾസ് കമ്മിറ്റി കൂടി ഏതാണ് ശരിയെന്ന് തോന്നുന്നത് അത് തീരുമാനിക്കട്ടെ.

2. പാറ്റൂർ ഭൂമിയിടപാട്

ശ്രീ. വി. ശിവൻകുട്ടി : സർ, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിവാദമായ പാറ്റൂർ ഭൂമിയെ സംബന്ധിച്ച് ഒരു സബ്മിഷൻ ഇവിടെ ഉന്നയിച്ചിരുന്നു. ആ സബ്മിഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട നഗരകാര്യ

LIBRARY ARCHIVES Kerala Legislative Assembly